# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *627 — 31/10/2016 -ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.ജെ. മാക്സി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് ഇതു സംബന്ധിച്ച വിവിധ കണക്കുകളും പഠനങ്ങളും സൂചിപ്പിക്കുന്നത്. ആധുനിക വൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റമാണ് ഈ രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, മദ്യം, പുകയില തുടങ്ങിയ ലഹരിപദാർത്ഥങ്ങളോടുള്ള ആസക്തി എന്നിവയാണ് ഈ രോഗം വർദ്ധിക്കുന്നതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നത്. |
| ബി) | സമൂഹത്തെ പ്രമേഹ രോഗമുക്തമാക്കാൻ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് നടത്തിയ പൈലറ്റ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി) | കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ചുകൊണ്ട് പ്രമേഹരോഗനിർണ്ണയവും അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന്റെ പഠനവും നടത്തുന്നതിനായി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം കേരള ഡയബറ്റിക് പ്രിവൻഷൻ പ്രോഗ്രാം എന്ന ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഇതിന്റെ പൈലറ്റ് സ്റ്റഡി, കൊല്ലം ജില്ലയിൽ നടത്തുകയും കുടുംബശ്രീ വോളന്റിയർമാരെ പരിശീലിപ്പിച്ച് ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണവും സർവേയും നടത്തിവരുന്നു. |
| സി) | പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | സി) | പദ്ധതി അവലോകനം കഴിഞ്ഞിട്ടു മാത്രമേ പദ്ധതി വ്യാപകമാക്കുന്ന കാര്യം തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ